**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

18-06-2021

# കാർഷികവാർത്തകൾ

## 1. ഓണത്തിന് ഒരു മുറം പച്ചക്കറി

ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന ആശയം പ്രായോഗികമാക്കുന്നതു ലക്ഷ്യമിട്ടുകൊണ്ട് കർഷകർക്കും, വിദ്യാർഥികൾക്കും,വനിതാഗ്രൂപ്പുകൾക്കും, സന്നദ്ധസംഘടനകൾക്കും കൃഷിഭവൻ മുഖാന്തിരം സൗജന്യമായി പച്ചക്കറി വിത്തുകളും തൈകളും നൽകുന്നു. കൂടുതൽവിവരങ്ങൾക്ക് പ്രാദേശിക കൃഷി ഓഫീസുമായി ബന്ധപ്പെടുക.

## 2. കൊക്കോ, മരമഞ്ഞൾതൈകൾവില്പനയ്ക്ക്

തൃശൂർ വെള്ളാനിക്കരയിലുള്ള കൊക്കോഗവേഷണകേന്ദ്രത്തിൽസങ്കരയിനം കൊക്കോതൈകളും, വെള്ളാനിക്കരകാർഷികകോളേജിലെ പ്ലാന്റേഷൻ സ്പൈസസ് വിഭാഗത്തിൽ ഔഷധ സസ്യമായ മരമഞ്ഞളിന്റെ കൂടതൈകളും വിൽപനക്കായി തയ്യാറാക്കിയിട്ടുണ്ട്. . കൊക്കോതൈ ഒന്നിന് 20 രൂപയും മരമഞ്ഞൾതൈഒന്നിന് 250 രൂപയുമാണ് വില. ആവശ്യമുള്ളവർ 0487- 2438451, 0487- 2438452, 9495463927 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

## 3. വിത്തുവണ്ടിയുമായികാർഷികസർവ്വകലാശാല

കോവിഡ്കാല പ്രത്യേക സേവനത്തിന്റെ ഭാഗമായി കർഷകർക്ക് വിത്തും വളവുംഅവരുടെ വീടുമുറ്റത്തുഎത്തിച്ചുകൊടുക്കുകഎന്നലക്ഷ്യത്തോടെകേരളകാർഷികസർവ്വകലാശാല'വിത്തുവണ്ടി'സജ്ജമാക്കിയിരിക്കുന്നു. വിത്തുകൾ, വിവിധതരംവളങ്ങൾ, സ്യുഡോമോണാസ്, ട്രൈക്കോഡെർമ തുടങ്ങിയ ബയോകൺട്രോൾഉപാധികൾ, ജൈവകീടനാശിനികൾതുടങ്ങിയവ ഈ സഞ്ചരിക്കുന്ന കാർഷികവിജ്ഞാനപ്രദർശനശാലയിൽ നിന്നുംവാങ്ങാവുന്നതാണ്. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ തൃശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി മുൻകൂട്ടി അറിയിച്ചു

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ഈ വാഹനം എത്തുന്നതായിരിക്കും. കർഷകസംഘങ്ങളോ കൂട്ടായ്മകളോ ആവശ്യപ്പെടുന്നതിനനുസരിച്ചു അതതു സ്ഥലങ്ങളിലേക്ക് വിത്തുവണ്ടിയുടെ സേവനം എത്തിക്കാൻ ccmannuthy@kau.in എന്ന അഡ്രസ്സിൽ ഇ-മെയിൽഅയയ്ക്കുകയോ 9446058252 എന്ന നമ്പറിൽ ശനിയും ഞായറും ഒഴികെയുള്ള ദിവസങ്ങളിൽ രാവിലെ പത്തുമണിക്കും വൈകിട്ട് അഞ്ച്മണിക്കും ഇടയിൽവിളിക്കുകയോ ചെയ്യാവുന്നതാണ്.

**4. പശുഡയറിയൂണിറ്റുകൾക്ക് അപേക്ഷ ക്ഷണിച്ചു**

ക്ഷീരവികസന വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിലെ മിൽക്ക്ഷെഡ്സ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി) എന്ന പദ്ധതിയിൽപ്പെടുത്തി ക്ഷീരകർഷകർക്ക് 1 പശു ഡയറിയൂണിറ്റ്, 2 പശുഡയറിയൂണിറ്റ് 5 പശുഡയറിയൂണിറ്റ് കാലിത്തൊഴുത്ത് നിർമ്മാണ-നവീകരണ ധനസഹായം, കംപോസിറ്റ് ഡയറി യൂണിറ്റുകൾക്കുള്ള ധനസഹായം, ആവശ്യാധിഷ്ഠിത ധനസഹായം എന്നിങ്ങനെ വൈവിധ്യങ്ങളായ പദ്ധതി ധനസഹായത്തിന് പത്തനംതിട്ട ജില്ലയിൽ അപേക്ഷ ക്ഷണിച്ചു. കൂടുതൽവിവരങ്ങൾക്ക് ബ്ലോക്ക് ക്ഷീരവികസനഓഫീസുകളിൽ ബന്ധപ്പെടേണ്ടതാണ്.

**ഓൺലൈൻ പരിശീലനങ്ങൾ**

**5.** ആലുവമൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽവച്ച് ഈ മാസം25-ന് ക്യാറ്റിൽ ഫാം മാനേജ്മെന്റ്, 30-ന് നായ്ക്കളിലെ പ്രത്യുത്പാദനവും പ്രജനന രീതികളും തുടങ്ങിയ വിഷയങ്ങളിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താത്പര്യമുള്ള കർഷകർ**9188522708**എന്ന നമ്പരിൽബന്ധപ്പെടേണ്ടതാണ്.

**6.** ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽകർഷകർക്കായി ഇന്ന്'കാടവളർത്തൽ', 24, 25 എന്നീതീയതികളിൽ'ആട്വളർത്തൽ' എന്നീ വിഷയങ്ങളിൽ സൗജന്യപരിശീലനം ഓൺലൈനായി നടത്തുന്നു. താൽപര്യമുള്ളകർഷകർ**9188522703** എന്ന നമ്പറിൽ ഓഫീസ് പ്രവർത്തന സമയത്ത് ബന്ധപ്പെട്ട് പേര് രജിസ്റ്റർചെയ്യേണ്ടതാണ്.

**7.** തിരുവനന്തപുരംകുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 23,24 തീയതികളിൽ എരുമവളർത്തൽ എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവർത്തിദിവസങ്ങളിൽ**0471-2732918, 9188522701**എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**8. ക്ഷീരവികസന വകുപ്പിന്റെകോട്ടയം ക്ഷീര** പരിശീലനകേന്ദ്രത്തിൽവച്ച് നാളെ (18.06.2021) രാവിലെ 11 മുതൽ ക്ഷീരസംഘം ഭരണസമിതി അംഗങ്ങൾക്ക്വേണ്ടി ഗൂഗിൾമീറ്റ് മുഖേന പരിശീലനം നടത്തുന്നു. പങ്കെടുക്കവാൻ താല്പര്യമുള്ള ഭരണസമിതി അംഗങ്ങൾ ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്-**9495445536**

**9. ക്ഷീരവികസനവകുപ്പിന്റെ**തിരുവനന്തപുരംക്ഷീരപരിശീലനകേന്ദ്രത്തിൽവച്ച് 25.06.2021ന് ക്ഷീരസംഘംക്ഷീരസംഘം ജീവനക്കാർക്ക് വേണ്ടി ലീവ് റൂൾസ് എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. കൂട്ടതൽ വിവരങ്ങൾക്കായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ് - 0471-2440911

**10. കുളമ്പുരോഗംകർഷകർഅറിയേണ്ടത്.**

കുളമ്പുരോഗംപടർന്നു പിടിക്കാതിരിക്കാനായി ഇനി പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

1. പനിയോരോഗലക്ഷണങ്ങളോ കാണിക്കുവാൻ തുടങ്ങുന്ന മൃഗങ്ങളെ ഒരു കാരണവശാലും മേയാനോ പൊതുസ്ഥലങ്ങളിൽ മറ്റുകാലികളുമായി ഇടപെടാനോ അനുവദിക്കരുത്. അടുത്തുള്ള മൃഗാശുപത്രിയിൽ വിവരം അറിയിക്കുകയും ഡോക്ടറുടെ നിർദ്ദേശപ്രകാരം ചികിത്സാവിധികൾ സ്വീകരിക്കുകയും വേണം.

2. എരിത്തിലും പരിസരവും വൃത്തിയാക്കാനായി നാല് ശതമാനം വീര്യമുള്ള അലക്കുകാരം അതായത്40 ഗ്രാം അലക്കുകാരം ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയത്, അണുനാശിനിയായി ഉപയോഗിക്കാം.

3. എരിത്തിലിലേക്ക്കയറുന്നിടത്തുംഎരുത്തിലിൽ നിന്നും ഇറങ്ങുന്നിടത്തും അലക്കുകാരലായനി ഉപയോഗിച്ച് ഫുട്ട് ബാത്ത്കൊടുക്കുന്നത് രോഗാണുവ്യാപനം കുറയ്ക്കും.

4. കുളമ്പിൽ രോഗലക്ഷണങ്ങൾഉണ്ടെങ്കിൽഅഞ്ചുശതമാനം വീര്യമുള്ള തുരിശുലായനിയിൽ കുളമ്പ് അഞ്ചു നിമിഷനേരംമുക്കിവയ്ക്കുന്നത് നല്ലതാണ്.

5. വായയിൽവൃണങ്ങൾകാണുകയാണെങ്കിൽവളരെ നേർത്ത പൊട്ടാസ്യം പെർമാംഗനേറ്റ്ലായനിയോ ബോറിക് ആസിഡ് ലായനിയോ ഉപയോഗിച്ച് വായകഴുകകയോബോറിക് ആസിഡ് ശർക്കരയിലോ പഴത്തിലോചേർത്ത് ചവയ്ക്കാൻ കൊടുക്കുകയോചെയ്യാവുന്നതാണ്.